# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## https://admission.uoc.ac.in/

## 0494 240 7016, 7017, 7152

## 0494 240 2660600

**ഏകജാലക പ്രക്രിയ മുഖാന്തരമുള്ള ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളുടെ ഓൺലൈൻ രജിസ്ട്രേഷനുള്ള നിർദേശങ്ങൾ**

**https://admission.uoc.ac.in/ എന്ന വെബ്സൈറ്റ് സന്ദർശിച്ച് വിജ്ഞാപനം, പ്രോസ്പെക്ടസ്, അനുബന്ധ ഉത്തരവുകൾ ഓരോ കോഴ്സുകളുടെയും യോഗ്യതകൾ, കഴിഞ്ഞ വർഷത്തെ ഓരോ കോളേജിലെയും ലാസ്റ്റ് ഇൻഡക്സ് മാർക്കുകൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കേണ്ടതാണ്**

---

യൂണിവേഴ്സിറ്റിയുടെ ക്യാപ് രജിസ്ട്രേഷൻ ഇല്ലാത്തവർക്ക് യാതൊരു കാരണവശാലും മാനേജ്മെന്റ്/ സ്പോർട്സ്/ സമുദായ/ സംവരണ സീറ്റുകളിൽ പ്രവേശനം ലഭിക്കുന്നതല്ല. മെറിറ്റ്/മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം തേടുന്ന എല്ലാ വിദ്യാർത്ഥികളും ഓൺ ലൈനിൽ അപേക്ഷിക്കേണ്ടതും അപേക്ഷയുടെ പ്രിന്റ് ഔട്ട് പ്രവേശന സമയത്ത് നിശ്ചിത ഡിപ്പാർട്ട്മെന്റ്/ സെന്റർ/ കോളേജിൽ സമർപ്പിക്കേണ്ടതുമാണ്

---

**പ്രധാനമായും രണ്ട് ഘട്ടങ്ങളാണ് അപേക്ഷ സമർപ്പണത്തിനുള്ളത്**

ഒന്നാം ഘട്ടം : ഓൺലൈൻ അപേക്ഷ സമർപ്പണം

രണ്ടാം ഘട്ടം : ഫീസ് അടയ്ക്കുക(ഓൺലൈൻ വഴി മാത്രം)

## ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ താഴെ പറയുന്ന രേഖകൾ തയ്യാറാക്കി വെക്കുക

1. ജനന തീയതി :എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ കോപ്പി .



2. മൊബൈൽ നമ്പർ : (അപേക്ഷകന്റെയോ/ അപേക്ഷകന്റെ മാതാപിതാക്കളുടെയോ/ രക്ഷകർത്താവിന്റെയോ മാത്രം സമർപ്പിക്കുക.) ഒരു കാരണവശാലും ഇന്റർനെറ്റ് കഫേകളുടെയോ, അപേക്ഷ പൂരിപ്പിക്കുന്നതിനായി സമീപിച്ചിട്ടുള്ള മറ്റ് ഏജൻസികളുടെയോ മൊബൈൽ നമ്പർ നൽകരുത്. (അലോട്ട്മെന്റ് പോലുള്ള സുപ്രധാനമായ പല കാര്യങ്ങളും SMS വഴിയാണ് അറിയിക്കുന്നത്. മറ്റുള്ളവരുടെ മൊബൈൽ നമ്പറാണ് നൽകുന്നതെങ്കിൽ അലോട്ട്മെന്റ് ഉൾപ്പെടെയുള്ള സുപ്രധാന വിവരങ്ങൾ അറിയാതെ പോകുവാൻ ഇടയുണ്ട് .)

3. ഇ–മെയിൽ :(അപേക്ഷകന്റെയോ/ അപേക്ഷകന്റെ മാതാപിതാക്കളുടെയോ/ രക്ഷകർത്താവിന്റെയോ മാത്രം സമർപ്പിക്കുക.) ഒരു കാരണവശാലും ഇന്റർനെറ്റ് കഫേകളുടെയോ, അപേക്ഷ പൂരിപ്പിക്കുന്നതിനായി സമീപിച്ചിട്ടുള്ള മറ്റ് ഏജൻസികളുടെയോ ഇ–മെയിൽ ഐ.ഡി. നൽകരുത് . ഇ–മെയിൽ ഇല്ലാത്തവർ ഒരു ഐ.ഡി. സ്വന്തമായി ഉണ്ടാക്കുക.

4. അപേക്ഷ ഫീസ് : ഓരോ പ്രവേശന വിജ്ഞാപനത്തിലും പ്രതിപാദിച്ചിട്ടുള്ള ഫീസ്(ഓൺലൈൻ)

5. യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ്



6. .jpg ഫോർമാറ്റിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ.



7. അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന കോളേജ്/കോഴ്സ്, മുൻഗണന പ്രകാരം തയ്യാറാക്കുക. ഒരു അപേക്ഷകന് വിവിധ കോളേജുകളിൽ നിന്നുമായി വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള അത്രയും കോഴ്സുകൾ/പ്രോഗ്രാമുകൾ തെരഞ്ഞെടുത്ത് സമർപ്പിക്കാവുന്നതാണ്. കോളേജ്/കോഴ്സ്, എന്നിവയുടെ ലിസ്റ്റ് https://admission.uoc.ac.in/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സ്വാശ്രയ കോളേജുകളിലെയും, എയിഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെയും ഫീസ് ഗവൺമെന്റ് കോളേജുകളിലെ ഫീസ് നിരക്കിൽ നിന്നും വ്യത്യസ്തമായിരിക്കും. അതാത് വർഷത്തെ ഫീസ് ഘടന സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്



8. EWS വിഭാഗത്തിൽ അപേക്ഷിക്കുന്നവർ GO.(Ms) No.23/2022/PARD Dated 04.10.2022 പ്രകാരമുള്ള സർട്ടിഫിക്കറ്റ് ലഭ്യമാവും എന്ന് ഉറപ്പ് വരുത്തേണ്ടതാണ് (ബന്ധപ്പെട്ട ഉത്തരവ് സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് ).



9. രജിസ്ട്രേഷൻ പൂർത്തിയാക്കി Submit ബട്ടൺ ക്ലിക്ക് ചെയ്താൽ താങ്കളുടെ അപേക്ഷ പിന്നീട് എഡിറ്റ് ചെയ്യാൻ സാധിക്കില്ല. ആയതിനാൽ Preview പരിശോധിച്ച ശേഷം മാത്രമേ അന്തിമ സമർപ്പണം നടത്താവൂ.



10. പേയ്മെന്റ് നടത്തുമ്പോൾ പ്രസ്തുത വിൻഡോ റിഫ്രഷ് ചെയ്യുകയോ ബാക് ബട്ടൺ അമർത്തുകയോ ചെയ്യരുത്.

11. പേയ്മെന്റിന് ശേഷം നിങ്ങൾക്ക് വീണ്ടും ലോഗിൻ ചെയ്ത് അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്.


12. അല്ലോട്മെന്റുകളും അനുബന്ധ വിവരങ്ങളും അറിയുന്നതിന് ഈ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്



13. ഓൺലൈൻ അപേക്ഷയുടെ പകർപ്പ് സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല ഇത് പ്രവേശന സമയത്ത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്



14. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ugcap@uoc.ac.in എന്ന മെയിൽ ഐഡിയിലേക്കോ **0494 240 7016,7017 & 7152, 2660600** എന്ന ഫോൺ നമ്പറുകളിലേക്കോ നിങ്ങളുടെ അടുത്തുള്ള നോഡൽ സെന്ററുകളിലേക്കോ ബന്ധപ്പെടാവുന്നതാണ്.



# രജിസ്ട്രേഷൻ ഒറ്റ നോട്ടത്തിൽ

ഒന്നാം ഘട്ടം: ഓൺലൈൻ അപേക്ഷ സമർപ്പണം

- ക്യാപ് ഐഡി ജനറേഷൻ
- വ്യക്തിഗത വിവരങ്ങളുടെ രേഖപ്പെടുത്തൽ
- റിസർവേഷൻ വിവരങ്ങളുടെ രേഖപ്പെടുത്തൽ
- വെയിറ്റേജ് വിവരങ്ങളുടെ രേഖപ്പെടുത്തൽ
- ഫോട്ടോ അപ്ലോഡ് ചെയ്യൽ
- അക്കാദമിക വിവരങ്ങൾ രേഖപ്പെടുത്തൽ
- കോളേജ്/ കോഴ്സ് ഒപ്ഷനുകൾ ചേർക്കൽ
- അപേക്ഷയിൽ നൽകിയ വിവരങ്ങൾ പരിശോധിച്ച് അന്തിമ സമർപ്പണം നടത്തൽ

രണ്ടാം ഘട്ടം: ഫീസ് അടയ്ക്കുക.

- രജിസ്ട്രേഷൻ ഫീ അടയ്ക്കൽ (ഓൺലൈനായി മാത്രം)

**അപേക്ഷ പ്രിന്റൗട്ട് എടുത്ത്/ ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കൽ**


# നമുക്ക് രജിസ്ട്രേഷൻ ആരംഭിക്കാം





രജിസ്ട്രേഷനായി ഗൂഗിൾ ക്രോം/മോസില്ല ഫയർഫോക്സ് എന്ന ബ്രൗസറുകളുടെ ഏറ്റവും പുതിയ വേർഷൻ മാത്രം ഉപയോഗിക്കുക.

രജിസ്ട്രേഷൻ തുടങ്ങുന്നതിനായി ക്യാപ് ഐഡി ഉണ്ടാക്കുന്നതാണ് ആദ്യ പടി. https://admission.uoc.ac.in/ എന്ന വെബ് പേജ് സെർച്ച് ചെയ്യുമ്പോൾ നിങ്ങൾക്ക് താഴെ കാണുന്ന പേജ് ലഭിക്കും

1.വെബ്സൈറ്റ് സന്ദർശിച്ച് വിജ്ഞാപനം , പ്രോസ്പെക്ടസ് എന്നിവ കൃത്യമായി മനസ്സിലാക്കൽ








ഈ വിൻഡോയിലെ **Click Here/Apply Now** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.

2. ക്യാപ് ഐഡി ജനറേഷൻ





മൊബൈൽ നമ്പർ/ ഇ–മെയിൽ ഐഡി ,അപേക്ഷകന്റെയോ/ അപേക്ഷകന്റെ മാതാപിതാക്കളുടെയോ/ രക്ഷകർത്താവിന്റെയോ മാത്രം സമർപ്പിക്കുക.
ഈ പേജിൽ നൽകുന്ന വിവരങ്ങൾ മറ്റൊരവസരത്തിൽ നിങ്ങൾക്ക് തിരുത്താൻ സാധിക്കില്ല. അതിനാൽ വളരെ ശ്രദ്ധയോടെ മാത്രം വിവരങ്ങൾ ചേർക്കുക

3.മൊബൈൽ നമ്പർ വെരിഫിക്കേഷൻ





നിങ്ങളുടെ മൊബൈലിലേക്ക് വരുന്ന 6 അക്ക ഓ.ടി.പി ഇവിടെ എന്റർ ചെയ്യേണ്ടതാണ്.
ഉടനെ തന്നെ മുകളിൽ, രജിസ്ട്രേഷൻ സമയത്ത് സമർപ്പിച്ച മൊബൈൽ നമ്പറിലേക്ക് തുടർ രജിസ്ട്രേഷനാവശ്യമായ **CAP ID , Security key** എന്നിവ സന്ദേശമായി ലഭിക്കുന്നതാണ് .
**CAP ID , Security key** എന്നിവ രജിസ്ട്രേഷൻ/അലോട്ട്മെന്റ് സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കേണ്ടതിനാൽ അത് സൂക്ഷിച്ച് വയ്ക്കേണ്ടതാണ്.


4.ലോഗിൻ ചെയ്ത് രജിസ്ട്രേഷൻ ആരംഭിക്കൽ





തുടർന്ന് വരുന്ന പേജിൽ ലോഗിൻ എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് മൊബൈൽ/ഇമെയിൽ സന്ദേശം മുഖേന ലഭ്യമായ ക്യാപ് ഐഡി , 8 അക്ക സെക്യൂരിറ്റി കീ എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യേണ്ടതാണ്.


5.പേഴ്സണൽ ഡീറ്റെയിൽസ്: വിൻഡോയിൽ കാണുന്ന നിർദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ഒഴിഞ്ഞ കോളങ്ങളിൽ പ്രാഥമിക വിവരങ്ങൾ തെറ്റുകൂടാതെ പൂർത്തീകരിക്കാം.










6.ഡിസബിലിറ്റി &വെയിറ്റേജ് വിവരങ്ങൾ





DISABILITY വിവരങ്ങൾ ഉണ്ടെങ്കിൽ ഇവിടെ രേഖപ്പെടുത്താം
സർവ്വകലാശാല നിയമങ്ങൾക്ക് വിധേയമായി മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത്ഹാജരാക്കേണ്ടതാണ്





വെയ്റ്റേജ്: യോഗ്യതയുള്ള ബോണസ് / വെയിറ്റേജ് നൽകുക.വെയ്റ്റേജ് വിശദാംശങ്ങൾ നൽകുമ്പോൾ അതീവ ശ്രദ്ധ പാലിക്കണം. തെരഞ്ഞെടുക്കുന്ന യോഗ്യത തെളിയിക്കാൻ രേഖകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക. അർഹതപ്പെട്ട വെയ്റ്റേജ് അല്ലെങ്കിൽ പ്രവേശനം നിരസിക്കപ്പെടുന്നതാണ്

7.ഫോട്ടോ അപ്‌ലോഡ്





. jpg ഫോർമാറ്റിലുള്ള ഫോട്ടോ തെരഞ്ഞെടുക്കുക.
മുഖം വ്യക്തമായി കാണുന്ന രീതിയിൽ ഫോട്ടോ ക്രമീകരിക്കാനുള്ള സൗകര്യം ഇവിടെ ലഭ്യമാണ്.
സെർച് ബ്രൗസറിന്റെ Cache ബ്രൗസറിന്റെ Cache ഇടയ്ക്കിടെ clear (Ctrl+F5)ചെയ്യുക

8. അക്കാദമിക വിവരങ്ങൾ





9. മാർക്ക് എന്റർ ചെയ്യൽ





സ്ക്രീനിൽ മാർക്ക്  സ്വമേധയ  ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ശരിയാണ് എന്ന് ഉറപ്പുവരുത്തുക. മറ്റുള്ളവർ മാർക്ക്  രേഖപ്പെടുത്തുക.

മാർക്ക് രേഖപ്പെടുത്തുമ്പോൾ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്


## 10. കോളേജ്-പ്രോഗ്രാം സെലക്ഷൻ





ഈ ഭാഗത്തിൽ അപേക്ഷകർ ഉദ്ദേശിക്കുന്ന കോളേജ്, കോഴ്സ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്.
ബിരുദ രജിസ്ട്രേഷന്റെ ഹോം പേജിലെ **Previous Index Mark-2022** എന്ന ലിങ്കിൽ തങ്ങൾക്ക് പ്രവേശനം ലഭിക്കാൻ സാധ്യതയുള്ള കോളേജ്-കോഴ്സ് കോമ്പിനേഷൻ ആദ്യമേ തയ്യാറാക്കി വെക്കുന്നതാണ് ഉചിതം.
കോഴ്സുകളുടെ ഫീസ് വ്യത്യസ്തമായതിനാൽ ഹോം പേജിൽ ലഭ്യമായ **UG-Fee Strucure** ലേക്കും നിങ്ങളുടെ ശ്രദ്ധ ഉണ്ടാവേണ്ടതാണ്
മുൻഗണനാക്രമത്തിൽ നേരത്തെ തയ്യാറാക്കിവെച്ച കോളേജ്, കോഴ്സ് ലിസ്റ്റ് എന്റർ ചെയ്യുക.

11. പ്രിവ്യൂ പരിശോധന








സ്ക്രീനിൽ നിങ്ങൾ രേഖപ്പെടുത്തിയ എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉറപ്പ് വരുത്തുക എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ Previous ബട്ടണോ മുകളിലെ മെനുവിലോ ക്ലിക്ക് ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുക.


2023 ൽ പ്ലസ്ടു പാസ്സായ HSE /NSQF വിദ്യാർത്ഥികൾക്ക് അവരുടെ പേര് ജനന തിയതി +2 മാർക്ക് ലിസ്റ്റിൽ പ്രിന്റ് ചെയ്ത പ്രകാരം എന്റർ ചെയ്താൽ മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിക്കാൻ സാധിക്കു.. അല്ലാത്ത പക്ഷം രജിസ്റ്റർ നമ്പർ എന്റർ ചെയ്യുതിന് ശേഷമോ 'പ്രിവ്യു' പേജിൽ നിന്നോ മുന്നോട്ട് പോവാൻ സാധിക്കാതെ 'പേഴ്സണൽ ഡീറ്റൈൽസ്' പേജിലേക്ക് റീഡയറക്റ്റ് ചെയ്യുകൊണ്ടേയിരിക്കും(ഇവിടെ +2 മാർക്ക് ലിസ്റ്റ് പ്രകാരം പേരും ജനന തിയതിയും രേഖപ്പെടുത്താൻ അപേക്ഷകർക്ക് അറിയിപ്പ് നൽകുന്നുണ്ട് )..അതു കൊണ്ട് +2 രജിസ്റ്റർ നമ്പർ ,'പേഴ്സണൽ ഡീറ്റൈൽസ്' പേജിൽ പേര്, ജനന തിയതി എന്നീ വിവരങ്ങൾ +2 മാർക് ലിസ്റ്റ് നോക്കി മാത്രം പൂരിപ്പിക്കുക.


എല്ലാ വിവരങ്ങളും ശരിയാണന്നുറപ്പ് വരുത്തി പേയ്മെന്റിലേക്ക് പ്രവേശിക്കാം .


12. രജിസ്ട്രേഷൻ ഫീ പേയ്മെന്റ്




ഓൺലൈനായി ഫീസ് അടയ്ക്കാൻ ഇവയിലേതെങ്കിലും മാർഗം സെലെക്റ്റ് ചെയ്യാവുന്നതാണ്








പേയ്മെന്റ് സംവിധാനത്തിലൂടെ പണമടയ്ക്കുമ്പോൾ റിഫ്രഷ് ബട്ടണോ ബാക്ക് ബട്ടണോ അമർത്തരുത് .


13. പ്രിന്റൗട്ട് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കൽ




സ്റ്റേറ്റ് ബാങ്ക് ഓൺലൈൻ/ പേയ്മെന്റ് ഗേറ്റ് വേ മാർഗം പേയ്മെന്റ് നടത്തിയതിനു ശേഷം നിശ്ചിത സമയം കഴിഞ്ഞാൽ അപേക്ഷ പൂർത്തീകരിച്ച വിൻഡോയിലേക്ക് തിരികെയെത്തുന്നതാണ്. പ്രിന്റ് ഓപ്ഷൻ സെലക്ട് ചെയ്ത് അപേക്ഷയുടെ പകർപ്പുകൾ പ്രിന്റ് എടുത്തു സൂക്ഷിക്കുക.
മറ്റു മാർഗങ്ങൾ മുഖേന ഫീസ് അടവാക്കിയവർ അപേക്ഷ സമർപ്പണത്തിനുള്ള അവസാന തിയതിക്ക് മുൻപേ തങ്ങളുടെ ക്യാപ് ഐഡി, സെക്യൂരിറ്റി കീ എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് പൂർത്തീകരിച്ച അപേക്ഷയുടെ പകർപ്പുകൾ പ്രിന്റ് എടുത്തു സൂക്ഷിക്കേണ്ടതാണ്.
ഫീ അടച്ചതിനു ശേഷം വീണ്ടും ലോഗിൻ ചെയ്ത് അപേക്ഷ ഡൗൺലോഡ് ചെയ്തോ പ്രിന്റൗട്ട് എടുത്തോ സൂക്ഷിക്കുക.

അപേക്ഷയുടെ പകർപ്പ് സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല.

14. പ്രിന്റൗട്ട്



Online ID
CAP23UG425649

**UNIVERSITY OF CALICUT**
**CENTRALIZED ADMISSION PROCESS**

*( To be kept with the applicant and produced at the college at the time of admission )*

172.16.8.199-CAP23UG425649-26.04.2023


**UGCAP- REGISTRATION 2023-24**

| I. Details of Fee Remitted | | |
|---|---|---|
| Amount | Chalan No | Date of remittance |
| [redacted] | 231493535 | 26-04-2023 12:13:17 |

**Instructions:**

- അപേക്ഷയിൽ അപേക്ഷകരുടെയോ രക്ഷിതാവിന്റെയോ മൊബൈൽ ഫോൺ നമ്പർ മാത്രം നൽകുക.
- സംവരണ വിഭാഗം രേഖപ്പെടുത്തിയത് ശരിയാണെന്ന് ഉറപ്പ് വരുത്തുക. സംവരണ സീറ്റുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോസ്പെക്ടസ് പ്രകാരമുള്ള രേഖകൾ ഹാജരാക്കാൻ സാധിച്ചിട്ടില്ലെങ്കിൽ നിലവിലെ അലോട്ട്മെന്റ്/പ്രവേശനം നഷ്ടപ്പെടുകയും തുടർന്നുള്ള പ്രവേശന നടപടികളിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുന്നതാണ്.
- അപേക്ഷയിലെ യാതൊരു വിധ തിരുത്തലുകളും സർവ്വകലാശാല നേരിട്ട് ചെയ്തു കൊടുക്കുന്നതല്ല. സർവ്വകലാശാല അനുവദിക്കുന്ന സമയങ്ങളിൽ മാത്രമേ വിദ്യാർത്ഥികൾക്ക് തിരുത്തലുകൾക്ക് അവസരമുണ്ടായിരിക്കുകയുള്ളൂ.
- നോൺ ക്രീമിലയർ വിഭാഗക്കാർക്ക് മാത്രമേ എസ്.ഇ.ബി.സി (ETB/MUSLIM/OBH/OBX/LC) സംവരണത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.
- ഇ.ഡബ്ല്യു.എസ് സംവരണത്തിന് അർഹതയുള്ള വിഭാഗക്കാർ (SC/ST, SEBC ഒഴികെ) മാത്രം ആയത് രേഖപ്പെടുത്തുക.
- എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വോട്ടയിലേക്ക് അപേക്ഷിക്കുന്നവർ സർവ്വകലാശാല നിർദേശിക്കുന്ന സമയത്ത് റിപ്പോർട്ടിങ് നടത്തിയാൽ മാത്രമേ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ.
- സ്പോർട്സ് ക്വോട്ട പ്രവേശനം അതത് കോളേജുകൾ നേരിട്ടാണ് നടത്തുക. ആയതിനാൽ സ്പോർട്സ് ക്വോട്ടയിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ അപേക്ഷിക്കേണ്ടതാണ്.

| II. Personal Details | |
|---|---|
| 1. Name | TEST NAME |
| 2. Gender | Male |
| 3. Date of birth | 07-Jan-2006 |
| 4. Address | TEST HO TEST POST, CHEVAYUR, ALUVA, ERNAKULAM, KERALA, INDIA - 673635 |
| 5. Email | [redacted] |
| 6. Mobile | [redacted] |



Page 1/3    172.16.8.199-26/04/2023 12:13:00

**Instructions:**

- ഓൺലൈൻ അപേക്ഷയിൽ മാർക്ക് രേഖപ്പെടുത്തിയത് മാർക്ക് ലിസ്റ്റുമായി ഒത്തുനോക്കി കൃത്യത ഉറപ്പു വരുത്തുക.
- Kerala State Arts Festival, NSS, NCC(75% അറ്റൻഡൻസ് ലഭിച്ച സർട്ടിഫിക്കറ്റ്), SPC, Nanmamudra/Rajyapursaskar എന്നിവയിൽ +2 തലത്തിൽ സർട്ടിഫിക്കറ്റുള്ളവർക്ക് മാത്രമേ വെയിറ്റേജ് മാർക്കിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.
- NCC-A,B,C സർട്ടിഫിക്കറ്റുകൾക്കുള്ള വെയിറ്റേജ് മാർക്ക്, സർട്ടിഫിക്കറ്റ് +2 തലത്തിൽ അല്ലെങ്കിലും അനുവദിനീയമാണ്.
- NSS,NCC,SPC,Nanmamudra/Rajyapursaskar എന്നിവയിൽ ഏതെങ്കിലും ഒന്നിന് മാത്രമേ വെയിറ്റേജ് മാർക്ക് അനുവദിക്കുകയുള്ളൂ.
- ഭിന്ന ശേഷിക്കാരുടെ (പിഡബ്ല്യുഡി) ക്വോട്ടയിൽ അപേക്ഷിച്ച വിദ്യാർത്ഥികളുടെ പട്ടിക സർവകലാശാല കോളേജുകൾക്ക് കൈമാറുന്നതായിരിക്കും. പ്രവേശന ഷെഡ്യൂൾ പ്രകാരം അപേക്ഷകർ കോളേജ് അധികൃതരുമായി ബന്ധപ്പെടേണ്ടതാണ്.

| III. Weightage & Disability Details | |
|---|---|
| 1. Are you a Person with Disabilities (Minimum 40% Disability)?. | Not Applicable |
| 2. Have you got First Place/A Grade in Kerala State HSE/VHSE Arts Festival?. | Yes |
| 3. Widows and children of Jawan /Ex-servicemen/ BSF | No |

CAP23UG425649.pdf

Page 2/3 172.16.8.199-26/04/2023 12:13:00

### Instructions:

- കോളേജ്-പ്രോഗ്രാം ഓപ്ഷനുകൾ ഏറ്റവും അനുയോജ്യമായ മുൻഗണന ക്രമത്തിൽ ഓപ്ഷൻ 1 മുതൽ നൽകുക.
- ഓരോ ഓപ്ഷനും നേരെ കാണിച്ചിരിക്കുന്ന ഇൻഡക്സ് മാർക്കുകൾ സർവ്വകലാശാല ഇൻഡക്സിങ് രീതിയിലെ ഭേദഗതികൾക്കനുസരിച്ച് മാറാവുന്നതാണ്.
- സ്വാശ്രയ പ്രോഗ്രാമുകളുടെ ഫീസ് ഘടന എയ്ഡഡ് പ്രോഗ്രാമുകളിൽ നിന്നും വ്യത്യസ്തമായിരിക്കും. മുഴുവൻ പ്രോഗ്രാമുകളുടെയും ഫീസ് ഘടന വെബ്സൈറ്റിൽ ലഭ്യമാണ്. സ്വാശ്രയ പ്രോഗ്രാമുകളുടെ നേരെ '(SF)' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.
- അലോട്ട്മെന്റ്/പ്രവേശനം എന്നിവയുമായി ബന്ധപ്പെട്ട് അഡ്മിഷൻ വിഭാഗം പ്രസിദ്ധീകരിക്കുന്ന പത്രക്കുറിപ്പ്/ വിജ്ഞാപനം എന്നിവയിലെ നിർദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.
- അലോട്ട്മെന്റ് ലഭിച്ച് നിർദിഷ്ട സമയത്തിനുള്ളിൽ മാൻഡേറ്ററി ഫീസ് അടച്ചിട്ടില്ലെങ്കിൽ ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുകയും തുടർന്നുള്ള പ്രവേശന പ്രക്രിയയിൽ നിന്ന് പുറത്താവുകയും ചെയ്യുന്നതാണ്.

CAP23UG425649.pdf

എന്നിവയിലെ നിർദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

- അലോട്ട്മെന്റ് ലഭിച്ച് നിർദിഷ്ട സമയത്തിനുള്ളിൽ മാൻഡേറ്ററി ഫീസ് അടച്ചിട്ടില്ലെങ്കിൽ ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുകയും തുടർന്നുള്ള പ്രവേശന പ്രക്രിയയിൽ നിന്ന് പുറത്താവുകയും ചെയ്യുന്നതാണ്.

### VI. College Details

| Priority | College | Programme | Index Mark |
|---|---|---|---|
| 1 | AMAL COLLEGE OF ADVANCED STUDIES, SANTHIGRAMAM NILAMBUR | BA ENGLISH LANGUAGE AND LITERATURE | 1028 |
| 2 | KOTTAKKAL FAROOK ARTS AND SCIENCE COLLEGE (UNAIDED), CHANGUVETTY, PARAPPUR, KOTTAKKAL | B.Sc PHYSICS (SF) | 678 |
| 3 | SREE KERALAVARMA COLLEGE, THRISSUR | B.Sc MATHEMATICS | 678 |

### VII. Community College Details

| College | Programme | Index Mark |
|---|---|---|
| SREE KERALAVARMA COLLEGE, THRISSUR | B.Sc MATHEMATICS | 678.00 |

## DECLARATION

I TEST NAME hereby declare that the information given in this application is true and correct to the best of my knowledge and belief. In case any information given in this application proves to be false or incorrect, I shall be responsible for the consequences.

**<u>പ്രത്യേക ശ്രദ്ധക്ക്</u>**

- രജിസ്ട്രേഷന്റെ വേളയിൽ ഏതെങ്കിലും ഭാഗത്തിൽ പിന്നിട് തുടരാം എന്ന് ഉദ്ദേശിക്കുന്ന പക്ഷം ലോഗ് ഔട്ട് ചെയ്യുക.
- രജിസ്ട്രേഷന്റെ വേളയിൽ ഒരു കാരണവശാലും സെർച്ച് ബ്രൗസറിന്റെ ബാക്ക് ബട്ടൺ ഉപയോഗിക്കരുത്.
- ഏതങ്കിലും തരത്തിലുള്ള തെറ്റായ വിവരങ്ങൾ സമർപ്പിക്കുന്നത് കുറ്റകരവും, അഡ്മിഷൻ റദ്ദ് ചെയ്യുന്നതിന് കാരണമാവുകയും ചെയ്യുന്നതാണ്. സമർപ്പിക്കുന്ന വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പുവരുത്തേണ്ടത് അപേക്ഷകന്റെ ഉത്തരവാദിത്തമാണ്.
- ക്യാപ് ഐ.ഡി, പാസ്സ്‌വേർഡ് എന്നിവ രജിസ്ട്രേഷൻ ആരംഭിച്ച് അഡ്മിഷൻ അവസാനിക്കുന്നതിന് ഇടയിൽ നഷ്ടപ്പെട്ടുന്നപക്ഷം വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ പേജിന്റെ ചുവടെ നല്കിയിട്ടുള്ള 'FORGOT CAP ID/ PASSWORD' ഉപയോഗിക്കാവുന്നതാണ്.